**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **09-02-2023 - ൽ മറുപടിയ്ക്ക്**

**കുത്താട്ടുകുളം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1146/21**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുത്താട്ടുകുളം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1146/21 കേസിൽ ഫോറൻസിക് ലാബിൽ നിന്നുള്ള റിപ്പോർട്ട് കൈപ്പറ്റുന്നതിനായി കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കൈപ്പറ്റിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോടതി ഉത്തരവ് ലഭിക്കുകയും തൃപ്പൂണിത്തുറ ഫോറൻസിക് ലാബിൽ നിന്നും റിപ്പോർട്ട് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രതികളെ കണ്ടെത്തുന്നതിനായി സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ സേവനങ്ങൾ കേസന്വേഷണത്തിന് എപ്രകാരം സഹായകരമായിരുന്നുവെന്ന് അറിയിക്കാമോ; റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ; | (ബി) | സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൃത്യസ്ഥലത്തിന് സമീപത്തുള്ള സി.സി.ടി.വി ക്യാമറ ദൃശ്യങ്ങളും പരിശോധിക്കുകയുണ്ടായി. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു. |
| (സി) | സി.സി.ടി.വി. ക്യാമറ ദൃശ്യങ്ങൾ പോലീസ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണപുരോഗതി വിശദമാക്കാമോ; | (സി) | ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാന പോലീസിന് ഒരു വർഷമായിട്ടും പ്രതികളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അന്വേഷണം മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | പ്രതികളെ കണ്ടെത്തുന്നതിനായി ശാസ്ത്രീയമായ തെളിവുകളും മറ്റും ശേഖരിച്ച് കേസന്വേഷണം തുടർന്നു വരുന്നു. അന്വേഷണം മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ